
# കുറുക്കനോട്

■ പി. എ. അബ്ദുൽ കരീം

കുറുക്കാ കുറുക്കാ
നിനക്കില്ലേ ഉറക്കം?
ഉറക്കം വിട്ടെഴുന്നേറ്റാൽ
നടക്കുവാൻ തിടുക്കം
കുറുക്കുവഴിയിലൂടെ
എവിടേക്കാ കറക്കം?
പുഴവക്കത്തണയുമ്പോൾ
ഞണ്ടിനു കുലുക്കം
പതുങ്ങി നീ നടക്കുമ്പോൾ
കോഴിക്കു നടുക്കം
നായ്ക്കൂട്ടം കുരയ്ക്കുമ്പോൾ
പറ പറ പറക്കും
കുറുക്കാ കുറുക്കാ
നിനക്കെന്താ കിറുക്കാ?





## ഉയർന്ന ഹൃദയമിടിപ്പ്

നമ്മുടെ ഹൃദയം മിനിറ്റിൽ ശരാശരി 72 തവണയാണ് സ്പന്ദിക്കുന്നതെന്ന് കൂട്ടുകാർക്കറിയാമായിരിക്കും. എന്നാൽ ഏറ്റവും ഉയർന്ന ഹൃദയമിടിപ്പുള്ളത് അമേരിക്കൻ പിഗ്മി ഷ്രൂ എന്ന സസ്തനിക്കാണ്. ഒരു മിനിറ്റിൽ 1200 തവണയാണ് ഇവയുടെ ഹൃദയസ്പന്ദനം.

കണ്ടൽവനങ്ങൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനം– പശ്ചിമബംഗാൾ